നം. 10/2018/SRG/CC

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.04.2018 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

എല്ലാ അംഗങ്ങളെയും അദ്ധ്യക്ഷൻ യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. 2017-18 വാർഷിക പദ്ധതി നിർവഹണം, 2018-19-ലെ പദ്ധതി അംഗീകാരം, ജില്ലാ പദ്ധതി തയ്യാറാക്കൽ, നികുതി പിരിവ് എന്നിവയിലെ മികച്ച നേട്ടം എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിനും സർക്കാരിനും അഭിമാനിക്കാവുന്നതാണെന്ന് അദ്ധ്യക്ഷൻ പറഞ്ഞു. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും ബഹു.മന്ത്രി അഭിനന്ദിച്ചു. തുടർന്ന് 2017-18-ലെ പദ്ധതി പുരോഗതിയും 2018-19-ലെ വാർഷിക പദ്ധതി അംഗീകാര സ്റ്റാറ്റസും യോഗം അവലോകനം ചെയ്തു.

### 1. പദ്ധതി പുരോഗതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 85.43 ശതമാനമാണ്. 'ക്യൂ' ബില്ലുകൾ കൂടി ചേർത്താൽ ചെലവ് 90.10 ശതമാനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 100 ശതമാനം ചെലവ് | - | 46 തദ്ദേശഭരണ സ്ഥാപനങ്ങൾ |
| 90 മുതൽ 100 ശതമാനം വരെ | - | 287 " |
| 80 മുതൽ 90 ശതമാനം വരെ | - | 451 " |
| 70 മുതൽ 80 ശതമാനം വരെ | - | 281 " |
| 70 മുതൽ 67.07 ശതമാനം വരെ | - | 48 " |
| 67.07ശതമാനത്തിൽ താഴെ (കഴിഞ്ഞ വർഷത്തെ സംസ്ഥാന ശരാശരി) | - | 87 " |

ജില്ലതിരിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പദ്ധതി പുരോഗതി (2017-18 - 31.3.2018 വരെ)

| ക്രമ നം | ജില്ല | പദ്ധതി ചെലവ് (ശതമാനം) | | | | |
|---|---|---|---|---|---|---|
| | | Gen | SCSP | TSP | TFC | Total |
| 1 | കൊല്ലം | 90.05 | 83.33 | 69.96 | 84.72 | 90.92 |
| 2 | കണ്ണൂർ | 86.15 | 88.71 | 90.30 | 79.38 | 90.52 |
| 3 | എറണാകുളം | 87.33 | 84.85 | 82.41 | 85.70 | 90.24 |
| 4 | ആലപ്പുഴ | 83.88 | 80.96 | 66.55 | 81.34 | 87.96 |
| 5 | മലപ്പുറം | 85.59 | 79.68 | 73.00 | 76.76 | 86.89 |
| 6 | കോട്ടയം | 82.93 | 79.66 | 69.05 | 74.10 | 86.09 |
| 7 | തൃശ്ശൂർ | 82.90 | 82.16 | 68.77 | 74.81 | 84.94 |
| 8 | പത്തനംതിട്ട | 80.91 | 81.33 | 86.71 | 68.89 | 84.75 |

| | | | | | | |
|---|---|---|---|---|---|---|
| 9 | കാസർഗോഡ് | 78.44 | 79.66 | 81.32 | 69.06 | 83.13 |
| 10 | ഇടുക്കി | 80.39 | 73.30 | 77.14 | 75.38 | 83.04 |
| 11 | പാലക്കാട് | 80.70 | 74.31 | 67.01 | 70.19 | 82.59 |
| 12 | കോഴിക്കോട് | 80.98 | 78.07 | 80.13 | 73.44 | 82.41 |
| 13 | തിരുവനന്തപുരം | 79.50 | 75.2 | 83.19 | 75.55 | 80.61 |
| 14 | വയനാട് | 78.35 | 62.82 | 78.20 | 63.01 | 80.46 |
| | **ആകെ** | **83.15** | **79.35** | **77.23** | **76.71** | **85.43** |

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള പുരോഗതി താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 90.63 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 89.34 ” |
| മുനിസിപ്പാലിറ്റി | 82.74 ” |
| കോർപ്പറേഷൻ | 77.74 ” |
| ജില്ലാ പഞ്ചായത്ത് | 71.04 ” |

2017-18 എസ്.സി.എസ്.പി.യിൽ 19,608 പ്രോജക്ടുകളും, റ്റി.എസ്.പി.യിൽ 4349 പ്രോജക്ടുകളും പൊതു വിഭാഗത്തിൽ 1,56,652 പ്രോജക്ടുകളുമടക്കം ആകെ 1,80,609 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.ഇതിൽ 13,200 പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിലാണ്.

2018-19 വാർഷിക പദ്ധതി

31.03.2018-നകം 1147 തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിച്ചു. ഇനിയും പദ്ധതി സമർപ്പിക്കാനുള്ളത് 53 തദ്ദേശഭരണ സ്ഥാപനങ്ങളാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **തദ്ദേശഭരണ സ്ഥാപനങ്ങൾ** | **ആകെ എണ്ണം** | **പദ്ധതി സമർപ്പിച്ചവയുടെഎണ്ണം** |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 941 | 906 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 152 |
| ജില്ലാപഞ്ചായത്ത് | 14 | 11 |
| മുനിസിപ്പാലിറ്റികൾ | 87 | 74 |
| കോർപ്പറേഷൻ | 06 | 04 |
| **ആകെ** | **1200** | **1147** |

## ജില്ല തിരിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | ഗ്രാമപഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | No.of LGs | Submitted To DPC | No.of LGs | Submitted To DPC | No.of LGs | Submitted To DPC | No.of LGs | Submitted To DPC | No.of LGs | Submitted To DPC | Total LBS | Total LBs Submitted To DPC | |
| തിരുവനന്തപുരം | 73 | 73 | 11 | 11 | 1 | 1 | 4 | 4 | 1 | 1 | 90 | 90 | 100 |
| കൊല്ലം | 68 | 68 | 11 | 11 | 1 | 1 | 4 | 4 | 1 | 1 | 85 | 85 | 100 |
| പത്തനംതിട്ട | 53 | 52 | 8 | 8 | 1 | 1 | 4 | 4 | 0 | | 66 | 65 | 98 |
| ആലപ്പുഴ | 72 | 72 | 12 | 12 | 1 | 1 | 6 | 6 | 0 | | 91 | 91 | 100 |
| കോട്ടയം | 71 | 71 | 11 | 11 | 1 | | 6 | 5 | 0 | | 89 | 87 | 98 |
| ഇടുക്കി | 52 | 52 | 8 | 8 | 1 | 1 | 2 | 2 | 0 | | 63 | 63 | 100 |
| എറണാകുളം | 82 | 61 | 14 | 14 | 1 | 1 | 13 | 11 | 1 | | 111 | 87 | 78 |
| തൃശ്ശൂർ | 86 | 79 | 16 | 16 | 1 | | 7 | 3 | 1 | | 111 | 98 | 88 |
| പാലക്കാട് | 88 | 82 | 13 | 13 | 1 | 1 | 7 | 6 | 0 | | 109 | 102 | 94 |
| മലപ്പുറം | 94 | 94 | 15 | 15 | 1 | | 12 | 8 | 0 | | 122 | 117 | 96 |
| കോഴിക്കോട് | 70 | 70 | 12 | 12 | 1 | 1 | 7 | 6 | 1 | 1 | 91 | 90 | 99 |
| വയനാട് | 23 | 23 | 4 | 4 | 1 | 1 | 3 | 3 | 0 | | 31 | 31 | 100 |
| കണ്ണൂർ | 71 | 71 | 11 | 11 | 1 | 1 | 9 | 9 | 1 | 1 | 93 | 93 | 100 |
| കാസർഗോഡ് | 38 | 38 | 6 | 6 | 1 | 1 | 3 | 3 | 0 | | 48 | 48 | 100 |
| **ആകെ** | **941** | **906** | **152** | **152** | **14** | **11** | **87** | **74** | **6** | **4** | **1200** | **1147** | **96** |

മുൻ വർഷങ്ങളിൽ സെപ്റ്റംബർ മാസത്തിനു ശേഷമായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിരുന്നത്. അതിനാൽ ശരാശരി 4-5 മാസം മാത്രമായിരുന്നു പദ്ധതി നിർവഹണത്തിന് ലഭിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. എന്നാൽ 2017-18 വർഷം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി 2017 ജൂൺ 15 നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു. അതിനാൽ 9-10 മാസം നിർവഹണത്തിന് ലഭിച്ചുവെന്ന് യോഗം നിരീക്ഷിച്ചു. ഉയർന്ന പദ്ധതി ചെലവിന് ഇതു സഹായകമായി. 1147 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 2018 മാർച്ചിൽ തന്നെ 2018-19 വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണെന്ന് യോഗം വിലയിരുത്തി. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 12 മാസം നിർവഹണത്തിന് ലഭിക്കുന്നതിനാൽ കാര്യക്ഷമമായ പദ്ധതി നിർവഹണം സാധിക്കും.

ശേഷിക്കുന്ന 53 തദ്ദേശഭരണ സ്ഥാപനങ്ങൾ 25.04.2018-നകം വാർഷിക പദ്ധതി ഡി.പി.സിക്കു സമർപ്പിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ നടത്തണം. ഇതിനുവേണ്ട നടപടി ബന്ധപ്പെട്ട വകുപ്പുമേധാവികൾ എടുക്കണം. 25.04.2018വരെ വാർഷിക പദ്ധതി സമർപ്പിക്കാനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ യോഗം തീരുമാനിച്ചു.

നടപടി:-1 ) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
3) പഞ്ചായത്ത് ഡയറക്ടർ
4) നഗരകാര്യ ഡയറക്ടർ
5) ഗ്രാമവികസന കമ്മീഷണർ

## 2.പൊതു വിഷയങ്ങൾ

2.1 പൊതു വിഭാഗം ഫണ്ടിന്റെ ചെലവിനേക്കാൾ കുറവാണ് എസ്.സി.എസ്.പി/റ്റി.എസ്.പി വിഹിതത്തിന്റെ ചെലവ്. അടുത്ത വർഷം ഇവയുടെ ചെലവ് പൊതു വിഭാഗം ചെലവിനേക്കാൾ ഉയർന്ന നിരക്കിലെത്താൻ പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചെലവിനേക്കാൾ ഉയർന്ന നിരക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേടാൻ കഴിയണം. ഇതിനുള്ള മുന്നൊരുക്കം വകുപ്പമേധാവികൾ നേരത്തെ നടത്തണം.. റ്റി.എസ്.പി, വിഹിതം ആവശ്യമില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി വകുപ്പമേധാവികൾ ശേഖരിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.2 എല്ലാ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലും ഇനി മുതൽ ലൈഫ് മിഷൻ പദ്ധതി പുരോഗതി പ്രത്യേകം അവലോകനം ചെയ്യുന്നതാണ്.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

2.3 ഐ.കെ.എം. സൈറ്റിൽ ലൈഫ് പദ്ധതി പുരോഗതി പ്രത്യേകമായി ചേർക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം

2.4 ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ത്രൈമാസ പുരോഗതി പ്രത്യേകമായി വിലയിരുത്തണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) ജില്ലാ കളക്ടർമാർ

2.5 തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളിൽ ഓരോ വകുപ്പുകളുടേയും നിർവഹണവും പുരോഗതി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യാൻ പ്രത്യേകം ക്രമീകരണം ചെയ്യണം. പദ്ധതി ചെലവ് കുറവുള്ള വകുപ്പുകളിൽ പ്രത്യേക ഇടപെടൽ നടത്തണം. പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടേയും കോഓർഡിനേഷൻ കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) ജില്ലാ കളക്ടർമാർ

2.6 വനിതാ ഘടക പദ്ധതി , ഭിന്നശേഷിക്കാർക്കുള്ള പദ്ധതി , വൃദ്ധർക്ക് വേണ്ടിയുള്ള പദ്ധതി എന്നിവയടക്കമുള്ള ഘടക പദ്ധതികളിലെ പ്രോജക്ടുകൾ ഗുണപരമായി ഇനിയും കൂടുതൽ മെച്ചപ്പെടുത്താനുണ്ടെന്ന് യോഗം വിലയിരുത്തി. ഇതിനായി ജില്ലാ ആസൂത്രണസമിതികൾ പ്രത്യേക ഇടപെടൽ നടത്തണം. ഓരോ തദ്ദേശഭരണ

സ്ഥാപനങ്ങളുടേയും ഘടക പദ്ധതികളിലെ പ്രോജക്ടുകൾ വകുപ്പുമേധാവികളും ജില്ലാ ആസൂത്രണസമിതികളും പഠന വിധേയമാക്കണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ജില്ലാ കളക്ടർമാർ

2.7 സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളുടെ എണ്ണം എടുക്കണം. സ്വന്തമായി കെട്ടിടമുള്ളവയുടേയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടേയും ലിസ്റ്റ് പ്രത്യേകമായി വകുപ്പുമേധാവികൾ നൽകണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

2.8 പി.എം.എ.വൈ ഭവന പദ്ധതിയിൽ വീടിന്റെ യൂണിറ്റ് നിരക്ക് അർബൻ 1,50,000/- രൂപയും റൂറൽ 1,20,000/ രൂപയുമാണ് ഇതിന്റെ 60 ശതമാനം കേന്ദ്ര സഹായമായി ലഭിക്കും. ഇത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി നിശ്ചയിച്ചാണ് ധനസഹായം നൽകുന്നത്. അതിനാൽ പി.എം.എ.വൈ + ലൈഫ് എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. MGNREGS, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങൾ ലൈഫ് പദ്ധതിയുടെ വിജയത്തിനായി പരമാവധി സംയോജിപ്പിക്കണം. സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ഈ കൂട്ടായ്മ വേണം. ഇതിന്റെ സംഘാടക ചുമതല ലൈഫ് മിഷൻ ഏറ്റെടുക്കണം. MGNREGS ൽ കഴിവതും ആൾക്കാർക്ക് ജോബ് കാർഡ് നൽകണം. എല്ലാ ബ്ലോക്കുകളിലും സാധന സാമഗ്രികൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ലൈഫ് പദ്ധതിക്ക് പരസ്യം നൽകുന്നതിന് MGNREGS, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയുടെ IEC തുക ഉപയോഗിക്കണം. ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടുത്ത യോഗത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ നൽകണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ
3) ഡയറക്ടർ , MGNREGS
4) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ

2.9 പി.എം.എ.വൈ(അർബൻ) -ലെ ആകെ ഗുണഭോക്താക്കളായ 82,000 പേരിൽ എത്രപേർ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

2.10 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം അനുവദിക്കുന്ന ആദ്യ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ലൈഫ് ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് ആദ്യ ഗഡുവായുള്ള തുക നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം.

ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും എത്ര ഗുണഭോക്താക്കൾക്ക് ഈ വർഷം ഭവന നിർമ്മാണത്തിന് സഹായം നൽകാൻ കഴിയും എന്നത് സംബന്ധിച്ച് അതത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ലൈഫ് മിഷൻ വ്യക്തത വരുത്തിവേണം ഈ പ്രക്രിയ ആരംഭിക്കാൻ

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

2.11 സ്റ്റേറ്റ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറിയെ കൂടി ഇനി മുതലുള്ള കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലേയ്ക്ക് പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.12 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018-ലെ യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികളിന്മേലുള്ള റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ബന്ധപ്പെട്ടവർ നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13 **സ്പിൽഓവർ പ്രോജക്ടുകൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ചു.**

2.13.1 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും, മുൻ വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ 2018 മാർച്ച് 31 ന് നിർവഹണം പൂർത്തിയാകാത്തവയുടെ നിലവിലുള്ള അവസ്ഥ പരിശോധിക്കേണ്ടതാണ്. പരിശോധനയിൽ തുടർന്ന് നടപ്പാക്കേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന സ്പിൽഓവർ പ്രോജക്ടുകളെ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം രണ്ട് വിഭാഗമായി തരംതിരിക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13.2 **അധിക വിഹിതം ലഭിക്കുന്നതിന് സാധ്യതയുള്ള സ്പിൽഓവർ പ്രോജക്ടുകൾ - കാറ്റഗറി (എ)**

2.13.2.1 2017-18 വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകളിൽ 2018 ഏപ്രിൽ 1-ന് മുമ്പ് നിർവ്വഹണം ആരംഭിച്ചതും ഭേദഗതി ഇല്ലാത്ത സ്പിൽഓവറായി തുടരേണ്ടതുമായ പ്രോജക്ടുകളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. നിർവഹണം ആരംഭിച്ചതായിരിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കരാറിൽ ഏർപ്പെട്ടതോ പർച്ചേസ് ഓർഡർ നൽകിയതോ ആയ പ്രോജക്ടുകൾ ആയിരിക്കണം എന്നാണ്. വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ഒരു ഗുണഭോക്താവുമായെങ്കിലും കരാറിൽ ഏർപ്പെട്ടിരിക്കണം.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13.2.2 2018 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട് പെയ്മെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

2.13.2.3 കൂടാതെ ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളും ഇപ്രകാരം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് മാറ്റി നിർത്താവുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

2.13.3 ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് വേണ്ട വിഹിതം പ്രത്യേകം അനുവദിക്കുന്നതിന് പരിഗണിക്കും എന്നതിനാൽ ഇത്തരം സ്പിൽ ഓവർ പ്രോജക്ടുകളെ സുലേഖ സോഫ്റ്റ് വെയറിൽ 2018-19 ലെ ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടുവരേണ്ടതില്ല. അവ ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് പ്രത്യേകം മാറ്റി നിർത്താവുന്നതാണ്. അധിക വിഹിതം ഉടക്കത്തിൽ തന്നെ അനുവദിക്കുന്നതല്ല. 2018-19 ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് ഇവയുടെ പേയ്മെന്റ് നൽകേണ്ടതാണ്. ഓരോ വിഭാഗത്തിലേയും ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ഉപയോഗിച്ച് കഴിയുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13.4 **മറ്റ് സ്പിൽ ഓവർ പ്രോജക്ടുകൾ - കാറ്റഗറി (ബി)**

2.13.5 ഖണ്ഡിക 2.13.2.1, , 2.13.2.2, 2.13.2.3 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളവ ഒഴികെയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ട വിഹിതം 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

2.13.6 ഇതിനകം അംഗീകാരം നേടിയ വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ഇതിനായി വിഹിതം കണ്ടെത്തേണ്ടതും ഇത്തരം സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13.7 മേൽ പറഞ്ഞ പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകളെ രണ്ട് വിഭാഗമായി തരംതിരിച്ച് 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ 2018-19 വാർഷിക പദ്ധതി ഈ രീതിയിൽ അന്തിമമാക്കുമ്പോൾ വാർഷിക പദ്ധതി അടങ്കലിൽ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെയായിരിക്കും ആദ്യ വിഭാഗത്തിൽ (കാറ്റഗറി എ) ഉൾപ്പെടുത്തി പ്രത്യേകം മാറ്റിനിർത്തുന്ന സ്പിൽ ഓവർ പ്രോജക്ടുകളിലെ വിഹിതം

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2.13.8 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഈ രീതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി അന്തിമമാക്കി മെയ് 31 നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**2.14** ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭ വാർഡ്സഭ/വാർഡ് കമ്മിറ്റി കൂടുന്നതിന് വിപുലമായ പ്രചാരണവും പരസ്യവും നൽകാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**2.15** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളു 2017-18 വാർഷിക പദ്ധതിയിലെ പൂർത്തീകരിച്ച പ്രോജക്ടുകളുടെ പൂർത്തീകരണപത്രം 30.04.2018-നകം തയ്യാറാക്കി സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കണം തുടർന്ന് ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ടും തയ്യാറാക്കേണ്ട താണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.16 കേരള മുനിസിപ്പൽ /പഞ്ചായത്ത് രാജ് നിയമ പ്രകാരം വാർഡ്സഭകൾക്കും ഗ്രാമസഭകൾക്കും തദ്ദേശഭരണ സ്ഥാപനതല വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ക്രമീകരണങ്ങൾ ഇതുവരെയും ചെയ്തിട്ടില്ല. ഈ വിവരങ്ങൾ ശേഖരിക്കുന്നതിന് ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഐ.കെ.എം മുഖേന ലഭ്യമാക്കുന്ന ഈ ഫോർമാറ്റിൽ 2018 ഏപ്രിൽ 30-നകം അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവരങ്ങൾ കൗൺസിൽ/ഭരണസമിതി അംഗീകാരത്തോടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

നടപടി:-1) നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

2.17 SCSP/TSP വിഭാഗത്തിലെ പൊതുപ്രോജക്ടുകൾക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണം. എന്നാൽ ബന്ധപ്പെട്ട വെറ്റിംഗ് ഉദ്യോഗസ്ഥൻ ഇതു കൃത്യമായി പരിശോധിക്കുന്നുണ്ടോ എന്നറിയാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല.

(ഉദാ- SCSP യിലെ ഒരു റോഡു പ്രോജക്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ വെറ്റ ചെയ്യുമ്പോൾ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഓൺലൈൻ ആയി നൽകാൻ സൗകര്യമില്ലാത്തതിനാൽ പരിശോധിക്കാറില്ല). ഇതിന്റെ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.അത് വെറ്റിംഗ് ഓഫീസറുടെ ചുമതലയാണ്. ഇതിലെ പിഴവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. വെറ്റിംഗ് നടത്തുമ്പോൾ ഇതു കൂടി രേഖപ്പെടുത്താൻ പ്രോജക്ട് പ്രൊഫോർമയിൽ ക്രമീകരണമൊരുക്കണം. പ്രോജക്ട് വെറ്റിംഗിനായി ഓൺ ലൈനായി നൽകുമ്പോൾ ഇങ്ങനെയുള്ള രേഖകൾ പ്രത്യേകമായി വെറ്റിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

2.18 പദ്ധതി ആസൂത്രണ - അംഗീകാര പ്രക്രിയ സുലേഖ സോഫ്റ്റ് വെയറിലൂടെയാക്കിയതുപോലെ പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയ സുലേഖ സോഫ്റ്റ് വെയർ വഴി വിലയിരുത്താനുള്ള ക്രമീകരണം നടത്തണം. ഉദാ: ടെണ്ടർ അംഗീകാരം, പർച്ചേയ്സ് ഓർഡർ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതലായവ. ഇതു സംബന്ധിച്ച് സാധ്യതാ റിപ്പോർട്ട് ഐ.കെ.എം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്

2.19 പ്രോജക്ടുകൾ വെറ്റ് ചെയ്യുമ്പോൾ പ്രോജക്ട് ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ടെന്ന് വെറ്റിംഗ് ഓഫീസർ ഉറപ്പുവരുത്തണം. പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫോറത്തിൽ സംഗ്രഹമായി ചേർക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പൂർണ്ണമായും ചേർത്തിട്ടുണ്ടെന്ന് വെറ്റിംഗ് ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.20 2018 മാർച്ച് അവസാനം 170 ഗ്രാമപഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റ് നൽകിയിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള തുകയേക്കാൾ അധികമാണ് ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവസാന ഗഡുവായി അനുവദിച്ചിരുന്നത്. എന്നാൽ വാർഷിക പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നത് ബഡ്ജറ്റ് വിഹിതമനുസരിച്ചാണ്. അതിനാൽ ചുരുങ്ങിയ ദിവസം കൊണ്ട് ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ കഴിഞ്ഞില്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് അധികമായി ലഭിച്ച തുകയ്ക്ക് പ്രത്യേകം പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ നടപ്പ സാമ്പത്തിക വർഷം കൂടി അനുമതി നൽകാനും ഇങ്ങനെ അധികമായി നൽകിയ തുക 31.03.2018നകം ചെലവഴിക്കാത്തതിനാൽ നടപ്പുവർഷം ഈ തുക പ്രത്യേകമായി അനുവദിക്കണമെന്നും ധനവകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

2.21 ബഹു. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം വിദഗ്ധരുടെ ലിസ്റ്റ് സംസ്ഥാന ആസൂത്രണ ബോർഡിൽ ശേഖരിച്ചിട്ടുണ്ട്. ഇങ്ങനെ ലഭ്യമായ വിദഗ്ധർ, ഉദ്യോഗസ്ഥർ, മറ്റ് റിസോഴ്സ് പേഴ്സൺമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ ജില്ലാ ആസൂത്രണസമിതി ക്രമീകരണം ഉണ്ടാക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ്, ഡി.പി. ഡിവിഷൻ, എസ്.പി.ബി.
3) ജില്ലാ കളക്ടർമാർ

2.22 തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് നൽകിയിട്ടുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3.00 ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ധനസഹായം ഈ തുകയുടെ എത്ര ശതമാനമാണ് എന്ന് കണക്കാക്കാവുന്നതാണ്. ഇപ്പോഴത്തെ ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്ന് ഈ അനുപാതത്തിന് തുല്യമായ തുക കുറച്ച് ബാക്കി തുക ഓരോ ഘട്ടത്തിന്റേയും നിർമ്മാണത്തിന് നൽകാവുന്നതാണ്. പൂർത്തിയായ ഭവനങ്ങൾക്ക് വർദ്ധിപ്പിച്ച തുക നൽകാവുന്നതല്ല.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

2.23 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും പരിശോധിച്ച് നിർദ്ദേശം നൽകുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ.കെ.എൻ. ഹരിലാൽ മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് & ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
3. പ്രിൻസിപ്പൽ ഡയറക്ടർ ആന്റ് സെക്രട്ടറി റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡോ ഡി. നാരായണ, ഡയറക്ടർ, GIFT
5. പഞ്ചായത്ത് ഡയറക്ടർ
6. നഗരകാര്യ ഡയറക്ടർ
7. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

**2018-19 വാർഷിക പദ്ധതിയുടെ നിർവ്വഹണം താഴെപ്പറയും പ്രകാരം ചിട്ടപ്പെടുത്തണമെന്ന് യോഗം തീരുമാനിച്ചു.**

| | | |
|---|---|---|
| 1) | **പ്രോജക്ട് അംഗീകാര നടപടിക്രമങ്ങൾ** | |
| (i) | സാക്ഷ്യപത്രം ആവശ്യമായ പ്രോജക്ടുകൾ | 30.04.2018 |
| (ii) | വെറ്റിംഗ് ആവശ്യമായ പ്രോജക്ടുകൾ | 15.05.2018 |
| (iii) | വെറ്റിംഗും സാങ്കേതികാനുമതിയും ആവശ്യമായ പ്രോജക്ടുകൾ | 30.05.2018 |
| (iv) | വെറ്റിംഗ് ഓഫീസർമാർ ഭേദഗതി നിർദ്ദേശിച്ച പ്രോജക്ടുകൾ | 30.05.2018 |
| (v) | നൂതന പ്രോജക്ടുകൾ | 30.05.2018 |
| (vi) | സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി അന്തിമമാക്കി ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ട തീയതി | 31.05.2018 |
| 2) | **ഗുണഭോക്തൃ നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ** | |
| I | ജില്ല/ബ്ലോക്കു പഞ്ചായത്തുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനു കൈമാറേണ്ട തീയതി | 15.05.2018 |
| II | അപേക്ഷ വിതരണം ചെയ്യൽ | 20.05.2018 |
| III | അപേക്ഷ തിരികെ വാങ്ങൽ | 25.06.2018 |
| IV | അപേക്ഷ പരിശോധിച്ച് മുൻഗണന ക്രമത്തിൽ വാർഡ് തല കരട് പട്ടിക തയ്യാറാക്കൽ | 05.06.2018 |
| V | ഗുണഭോക്തൃ നിർണ്ണയ ഗ്രാമസഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റി | 30.06.2018 |
| VI | തദ്ദേശഭരണ സ്ഥാപനതല ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 30.06.2018 |
| 3) | ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ട തീയതി | 15.06.2018 |
| 4) | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഫണ്ടുനൽകേണ്ട തീയതി | 30.06.2018 |
| 5) | **ജില്ലാ പദ്ധതിയുടെ ഭാഗമായ സംയോജിത പരിപാടികൾ (ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടവ)- (വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലോ - ഉൾപ്പെടുത്തിയ പദ്ധതിയിൽ ഭേദഗതി ആവശ്യമെങ്കിലോ**) | |
| (i) | 2018-19-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സംയോജിത പരിപാടികൾ ഏതൊക്കെയെന്ന് നിശ്ചയിക്കൽ | 20.04.2018 |
| (ii) | പങ്കാളികളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കൽ | 25.04.2018 |
| (iii) | വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ | 10.05.2018 |
| (iv) | പങ്കാളികൾ വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുന്നതിനുള്ള രണ്ടാമത് യോഗം | 15.05.2018 |

| | | |
|---|---|---|
| (v) | തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾ, ഡി.പി.സി.യ്ക്ക് സമർപ്പിക്കൽ | 20.05.2018 |
| (vi) | പ്രോജക്റ്റുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി അംഗീകാരം നേടൽ | 31.05.2018 |
| (vii) | തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾ ഡി.പി.സി. അംഗീകാരത്തോടെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കേണ്ട തീയതി | 15.06.2018 |

കോഓർഡിനേഷൻ കമ്മിറ്റിയുടെ 2018 മെയ് മാസത്തിലെ യോഗങ്ങൾ 2, 23 എന്നീ തീയതികളിലും ജൂൺ മാസത്തെ യോഗങ്ങൾ 6, 20 എന്നീ തീയതികളിലും നടത്താൻ തീരുമാനിച്ചു.

(യോഗം വൈകിട്ട് 4.30-ന് അവസാനിച്ചു)

*********